‘ഭരണഭാഷ-മാതൃഭാഷ’

ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രി
കൊരട്ടി
ഫോൺ - 0480 2732035

നമ്പർ ബി-641/2024 തിയ്യതി 01.01.2025

## ക്വട്ടേഷൻ നോട്ടീസ്

ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രിയിലെ പഴയ കെട്ടിടം പൊളിച്ച് നീക്കി (ഭൂമിയുടെ നിരപ്പിന് മുകളിലുള്ള ഭാഗം) പരിസരം വൃത്തിയാക്കുന്നതിന് വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

- നിരത ദ്രവ്യം -5000 രൂപ
  (ഗാന്ധിഗ്രാം ആശുപത്രി സൂപ്രണ്ട്, കൊരട്ടിയുടെ പേരിൽ മാറാവുന്ന ഡി.ഡി മുഖാന്തിരം മാത്രം സ്വീകരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുന്നവരിൽ നിന്നും പണമായി സ്വീകരിക്കുന്നതാണ്).
- സീൽ ചെയ്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തിയ്യതി - 15.01.2025, 11 എ.എം
- രേഖപ്പെടുത്തേണ്ട കുറഞ്ഞ തുക - 52164/- (നിയമാനുസൃതമായ നികുതി പുറമേ)

15.01.2025 ന് രാവിലെ 11 മണിക്ക് പരസ്യലേലവും നടത്തുന്നതാണ്. പരസ്യലേലത്തെ തുടർന്ന് ലഭ്യമായ ക്വട്ടേഷനുകൾ പരിശോധിച്ച് എറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ക്വട്ടേഷൻ/ലേലം താത്കാലികമായി ഉറപ്പിക്കുന്നതാണ്. ക്വട്ടേഷൻ/ലേലം നേടുന്ന കരാറുകാരൻ അടുത്ത പ്രവൃത്തി ദിവസം സ്വന്തം ചെലവിൽ 200 രൂപയുടെ മുദ്രപത്രത്തിൽ ഈ സ്ഥാപന മേധാവിയുമായി കരാറിൽ ഏർപ്പെടേണ്ടതും കരാർപ്രകാരമുള്ള തുക പൂർണമായി ഒടുക്കേണ്ടതുമാണ്. കൂടാതെ സെക്യൂരിറ്റി ഇനത്തിൽ കരാർ തുകയുടെ 10 ശതമാനം ഒടുക്കേണ്ടതും ആയത് കരാർ പ്രകാരമുള്ള നടപടികൾ പൂർത്തിയാകുന്ന സാഹചര്യത്തിൽ തിരികെ കരാറുകാരന് നൽകുന്നതുമാണ്. കരാർ ഉറപ്പിച്ച് 5 ദിവസത്തിനകം കെട്ടിടം പൂർണമായി പൊളിച്ച് മാറ്റി പരിസരം വൃത്തിയാക്കേണ്ടതാണ്.

**കരാർ തുകയുടെ 18 ശതമാനം അല്ലെങ്കിൽ നിയമാനുസൃതമായ നികുതി കരാറുകരൻ ഒടുക്കേണ്ടതാണ്. ക്വട്ടേഷൻ/ ലേല നടപടികളിൽ പങ്കെടുക്കുന്നവർക്ക് ജി.എസ്.ടി രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്.**

ഈ നോട്ടീസ് പ്രകാരം വിൽപന നടത്തുവാൻ ഉദ്ദേശിക്കുന്ന കെട്ടിടം പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ നേരിൽ കാണാവുന്നതാണ്.

ക്വട്ടേഷൻ നടപടികൾ മാറ്റി വയ്ക്കുന്നതിനോ റദ്ദുചെയ്യുന്നതിനോ ഈ സ്ഥാപന മേധാവിക്ക് പൂർണ്ണ അധികാര ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ അറിയാവുന്നതാണ്.

GANDHIGRAM GOVERNMENT HOSPITAL OF DERMATOLOGY ★ KORATTY-680 308 ★

സൂപ്രണ്ട്
SUPERINTENDENT
GANDHIGRAM GOVT. HOSPITAL OF DERMATOLOGY
KORATTY

*നോട്ടീസ് ബോർഡിലേയ്ക്ക്*

*പകർപ്പ് -*

- *ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം*
- *ജില്ലാ മെഡിക്കൽആഫീസർ(ആരോഗ്യം), തൃശ്ശൂർ*